II. ശ്രദ്ധ ക്ഷണിക്കൽ

(1) കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. എസ്. സുപാൽ : സർ, കേരളത്തിലെ മൂന്നു ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികൾ ഇന്ന് കടുത്ത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മൂന്നുമാസക്കാലമായി തൊഴിലാളി സംഘടനകളുടെ

9.30 A.M.] നേതൃത്വത്തിൽ തൊഴിലാളികൾ പ്രക്ഷോഭസമരത്തിലാണ്. മിനിമം വേജസ് പുതുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്ന്. 1999-ലാണ് കശുവണ്ടി തൊഴിലാളികളുടെ മിനിമം വേജസ് അവസാനമായി പുതുക്കിയത്. ഇപ്പോൾ ആറുവർഷം പിന്നിട്ടിരിക്കുകയാണ്. ഏറ്റവും കൂലി കുറവുള്ള മേഖലയാണ് കശുവണ്ടി മേഖല. ഈ മേഖലയിൽ കാലാനുസൃതമായി മിനിമം വേജസ് പുതുക്കിയില്ലെങ്കിൽ തൊഴിലാളികൾ ഗുരുതരമായ പ്രതിസന്ധിയാണ് നേരിടുക. അത് മനസ്സിലാക്കി മിനിമം വേജസ് അടിയന്തിരമായി പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അടുത്ത ദിവസങ്ങളിൽ തോട്ടം തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ തീരുമാനമെടുത്തത് തൊഴിലാളി സംഘടനകൾ സമരം നടത്തിയതിന്റെയും പ്രക്ഷോഭം നടത്തിയതിന്റെയും അടിസ്ഥാനത്തിലാണ്. ഒരുപാടുകാലതാമസം വരുത്തിയെങ്കിലും ഗവൺമെന്റ് തോട്ടം തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. ഇക്കാര്യത്തിലും കാലവിളംബം ഉണ്ടാകാൻ പാടില്ല. തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലാണ്. അവർ പ്രയാസമേറിയ സാഹചര്യങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വളരെ അടിയന്തിരമായി മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതിനുള്ള കമ്മിറ്റി പോലും ഇതുവരെയായി ഉണ്ടാക്കിയിട്ടില്ല. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഈ വ്യവസായം വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്വകാര്യമാനേജുമെന്റുകൾ അവർക്കു തോന്നിയപോലെ പരിപാടികൾ സംഘടിപ്പിക്കുകയാണ്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പൂർണ്ണമായി നിഷേധിക്കുകയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ആ മേഖലയിൽ നിന്നു വരുന്ന ആളാണ്. ഈ നിയമ നിഷേധം ശ്രദ്ധയിൽ പെട്ടുകാണുമല്ലോ? അദ്ദേഹം ഈ നിയമനിഷേധം കണ്ടിട്ടും യാതൊരു നിലപാടും സ്വീകരിക്കുന്നില്ല. പ്രൾനങ്ങൾ കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണ്. മാനേജുമെന്റ് അവരുടെ പി.എഫ്. വിഹിതം അടയ്ക്കുന്നില്ല സ്വകാര്യ ഫാക്ടറികളുടെയെല്ലാം സ്ഥിതി അതാണ്. തൊഴിലാളികൾ നൽകുന്ന വിഹിതം പോലും യഥാസമയം അടയ്ക്കുന്നില്ല. അതുപോലെ തന്നെ ഡി.എ. കൊടുക്കില്ല. ഡി.എ. എന്നുപറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശമ്പളത്തിന്റെ ഭാഗമാണ്. ശമ്പളത്തിന്റെ ഭാഗമായ ഡി.എ. പോലും സ്വകാര്യ മാനേജുമെന്റുകൾ തൊഴിലാളികൾക്ക് കൊടുക്കാത്ത സാഹചര്യമാണ് കശുവണ്ടി ഫാക്ടറികളുമായി ബന്ധപ്പെട്ടു നിലവിലുള്ളത്. അധികവും സ്ത്രീ തൊഴിലാളികളാണ് കശുവണ്ടി മേഖലയിൽ പണിയെടുക്കുന്നത്. ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ്. അവർക്ക് ന്യായമായിട്ടുള്ള അവരുടെ അദ്ധ്വാനത്തിന്റെ പ്രതിഫലവും ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. അതിനു വിരുദ്ധമായ നിലപാടാണ് മാനേജുമെന്റുകൾ എടുത്തിരിക്കുന്നത്. ഇപ്പോൾ തൂക്കത്തിൽ വെട്ടിപ്പ് വ്യാപകമാണ്. അവർക്ക് അർഹതപ്പെട്ട കൂലിയിൽ തട്ടിപ്പും വെട്ടിപ്പും നടക്കുന്നു. കൂലികൊടുക്കില്ലെന്നു മാത്രമല്ല, അവരുടെ ഇ. എസ്. ഐ. വിഹിതം പോലും അടയ്ക്കുന്നില്ല. തൊഴിലാളികളുടെ കാര്യത്തിൽ ഇ. എസ്. ഐ. വിഹിതം വളരെ പ്രധാനപ്പെട്ടതാണ്. പക്ഷേ ഇ. എസ്. ഐ. വിഹിതം പോലും അടയ്ക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്നുണ്ട്. എൻഫോഴ്സ്മെന്റ് സംവിധാനം ശക്തമല്ല. ഈ വ്യവസായത്തിൽ നടക്കുന്ന ക്രമരഹിതമായ പ്രവർത്തനങ്ങൾ കണ്ടുപിടിക്കുകയും അതിനെതിരായി ശക്തമായ നിലപാടുകൾ സ്വീകരിക്കുകയും, നിയമപരമായ നടപടി എടുക്കുകയും ചെയ്യേണ്ടത് ഇതുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് സംവിധാനമാണ്. ഈ സംവിധാനം തികഞ്ഞ പരാജയമാണ്. ഇതിനെ ശക്തിപ്പെടുത്തി നിയമനിഷേധം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. കാഷ്യൂ കോർപ്പറേഷനിലും അതുപോലെതന്നെ കാപ്പെക്സിലും 1997-1998 മുതലുള്ള ഗ്രാറ്റുവിറ്റി നൽകുന്നില്ല. റിട്ടയർ ചെയ്ത തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ കുട്ടികളുടെ വിവാഹാവശ്യത്തിനും വിദ്യാഭ്യാസാവശ്യത്തിനും അവർ പ്രതീക്ഷയോടെ കാണുന്ന ഈ ഗ്രാറ്റുവിറ്റി 1997-1998 മുതൽ നൽകുന്നില്ല. കാഷ്യൂ കോർപ്പറേഷനിലും കാപ്പെക്സിലും പെൻഷൻ കുടിശ്ശിക കിട്ടുന്നില്ല. ക്ഷേമനിധിയിൽ അംഗങ്ങളായ പതിനയ്യായിരത്തോളം തൊഴിലാളികൾക്ക് 13 മാസത്തെ പെൻഷൻ കുടിശ്ശികയാണ് നൽകാനുള്ളത്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പാവപ്പെട്ട തൊഴിലാളികളുടെ കാര്യത്തിൽ ഗവൺമെന്റ് ഇത്തരം സമീപനം എടുക്കുന്നത് ഒരു ജനാധിപത്യഗവൺമെന്റിന് ഭൂഷണമല്ല. അത് കൊടുക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാവണം. ക്ഷേമനിധിയിൽ അംഗമാകാത്ത ഏതാണ്ട് 14800 തൊഴിലാളികൾ ഉണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്തവർക്കും പെൻഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് അത് ഏർപ്പെടുത്തിയത്. ആ തൊഴിലാളികൾക്കും 23 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുക്കാനുണ്ട്. കൂടിവറുപ്പ് വ്യാപകമാകുന്നു. 1967-ൽ കൂടിവറുപ്പ് നിയമംമൂലം നിരോധിച്ചതാണ്. കൂടിവറുപ്പ് എന്നുപറഞ്ഞാൽ തൊഴിലാളികൾക്ക് ഒരാനുകൂല്യവും കിട്ടുന്നതല്ല. മുതലാളിമാർ കൂടികളിൽ കൂറച്ച് കശുവണ്ടി കൊണ്ടുചെന്ന് ഏൽപ്പിക്കും. അവർക്ക് യാതൊരാനുകൂല്യവും നൽകുന്നില്ല. കൊല്ലം ജില്ലയിലടക്കം കൂടിവറുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

വ്യാപകമായിട്ടുണ്ട്. 1967-ൽ നിയമംമൂലം നിരോധിക്കപ്പെട്ട കാര്യമാണ്. നിരോധിക്കപ്പെട്ട കാര്യങ്ങൾ നടന്നിട്ടും ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരു നടപടിയും എടുക്കുന്നില്ല എന്നതാണ് ഏറ്റവും ഖേദകരമായ സംഗതി. ഏതാണ്ട് 3 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് ഇന്ന് കടുത്ത പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നത്. ആ മേഖലയിൽ നിന്നുവരുന്ന മന്ത്രിയാണ് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ബാബു ദിവാകരൻ. അദ്ദേഹം പ്രത്യേകമായ താത്പര്യമെടുത്തുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. തൊഴിലാളി സംഘടനകൾ സമരത്തിലാണ്. ഗവൺമെന്റ് നൽകിയ ഉറപ്പുകൾ പാലിച്ചിട്ടില്ല. എ. ഐ. ടി. യു. സി.യുടെ നേതാവ് സഖാവ് ചെങ്ങറ സുരേന്ദ്രൻ എം.പി. നാളെമുതൽ ഈ കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് കൊല്ലത്ത് നിരാഹാരം അനുഷ്ഠിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എ. ഐ. ടി. യു. സി., സി. ഐ. ടി. യു., യു.ടി.യു.സി. അടക്കമുള്ള തൊഴിലാളി സംഘടനകൾ പ്രക്ഷോഭത്തിലാണ്. ഈ കാര്യത്തിൽ അടിയന്തിരമായ നടപടികൾ ഉണ്ടാവണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (*ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്*): തൊഴിലാളി സംഘടനാ നേതാക്കളെ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. ശ്രീ. പി. എസ്. സുപാൽ ഉന്നയിച്ച പല പ്രശ്നങ്ങൾക്കും തൊഴിൽ വകുപ്പുമന്ത്രിയാണ് മറുപടി പറയേണ്ടത്. ഇത് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട കാര്യമാണ്. കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ കാലാവധി 31-12-2003-ൽ അവസാനിച്ചു. അത് സംബന്ധിച്ച നടപടികൾ തൊഴിൽ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് തൊഴിൽ വകുപ്പുമന്ത്രി വ്യക്തമാക്കും. കശുവണ്ടി വികസന കോർപ്പറേഷൻ ധനകാര്യസ്ഥാപനങ്ങൾക്ക് നൽകാനുള്ള ബാധ്യതയായ 107 കോടി രൂപയും പലിശയും സർക്കാർ ഏറ്റെടുക്കാനും അഞ്ചുതവണകളായി അടയ്ക്കാനും തീരുമാനിച്ചു. 25 കോടി രൂപ ആദ്യഗഡുവായി ഗവൺമെന്റ് അടച്ചു. അടുത്ത ഗഡു 33 കോടി രൂപ ഉണ്ട്. അതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിഗണിച്ചുവരികയാണ്. കാപ്പെക്സ് ധനകാര്യസ്ഥാപനങ്ങൾക്ക് നൽകാനുള്ള 145 ലക്ഷം രൂപയും പലിശയും സർക്കാൻ ഏറ്റെടുക്കാൻ തീരുമാനിച്ചു. ആദ്യഗഡുവായി 61 ലക്ഷം രൂപ കൊടുക്കുകയും ചെയ്തിട്ടുണ്ട്. കാപ്പെക്സിൽ 88 ദിവസവും കാഷ്യൂ കോർപ്പറേഷനിൽ 135 ദിവസവും തൊഴിൽ നൽകിയിട്ടുണ്ട്. സീസൺ അവസാനിക്കുന്നതിനുമുൻപായി കോർപ്പറേഷനിൽ 250 ദിവസവും കാപ്പെക്സിൽ 188 ദിവസവും തൊഴിൽ നൽകാൻ സാധിക്കും. ഇത് ഒരു സർവ്വകാല റെക്കോർഡാണ്. അതോടൊപ്പം വളരെയധികം സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടെങ്കിൽതന്നെയും ജീവനക്കാരുടെ പി.എഫ്. കോൺട്രിബ്യൂഷൻ, ക്ഷേമനിധി കോൺട്രിബ്യൂഷൻ അടയ്ക്കുന്നുണ്ട്. അതുതന്നെ വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്നാൽ റിട്ടയർ ചെയ്ത 7000-ഓളം ജീവനക്കാരുടെ ഗ്രാറ്റുവിറ്റി നൽകാൻ ഏകദേശം

LIBRARY ARCHIVES Kerala Legislative Assembly

25 കോടി രൂപ വേണ്ടിവരും. അന്താരാഷ്ട്ര തലത്തിൽ കടുത്ത മത്സരം നേരിടുന്ന ഒരു കാലഘട്ടത്തിൽ ഉല്പാദനച്ചെലവ് പരമാവധി കുറച്ചു കൊണ്ടുപോയാലേ ആ വ്യവസായം നിലനിൽക്കുകയുള്ളൂ. അതിന് എല്ലാവരും പരസ്പരം സഹകരിച്ച് മുന്നോട്ട് പോയില്ലെങ്കിൽ ഈ വ്യവസായം നിലനിൽക്കില്ല എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ശ്രീ. പി. എസ്. സുപാൽ ഉന്നയിച്ച എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഞങ്ങൾ ഒരുമിച്ച് ഒരു കോൺഫറൻസ് വിളിക്കുന്നുണ്ട്. ബാക്കി മറുപടി തൊഴിൽ വകുപ്പുമന്ത്രി പറയും.

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)* : കൂലി പുതുക്കുന്നതു സംബന്ധിച്ചുള്ള ചർച്ച നടന്നുവരുന്നു. ഐ. ആർ. സി. കൂടി അതിൽ സ്റ്റാഫിന്റെ ചർച്ചകൾ പൂർത്തിയാക്കി കൂലി പുതുക്കി നിശ്ചയിച്ച് അതിന്റെ പ്രഖ്യാപനം ആയിക്കഴിഞ്ഞു. തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിന് യൂണിയനുകളെല്ലാംകൂടി പറഞ്ഞതനുസരിച്ച് ഒരു കമ്മിറ്റിവച്ച് അത് പരിശോധിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആ കമ്മിറ്റിയെ നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെയൊക്കെ നിയമിച്ചു കഴിഞ്ഞുവെന്നു പറഞ്ഞപ്പോൾ അതിന് ഞങ്ങളൊക്കെ സമരം നടത്തിയെന്നുപറഞ്ഞു. തൊഴിലാളികൾ ഇങ്ങനെ പ്രവർത്തിക്കുന്നതിൽ എനിക്ക് തർക്കമില്ല. പക്ഷേ യൂണിയനുകൾ കർശനമായ നിലപാടെടുത്താൽ ഇപ്പോൾ ശ്രീ. പി. എസ്. സുപാൽ പറഞ്ഞ പല കാര്യങ്ങളും ആ മേഖലയിൽ നടക്കില്ല. ഇപ്പോൾ എ.ഐ.ടി.യു.സി. തന്നെ അവിടെ കുടിവറുപ്പ് നടക്കില്ല, അല്ലെങ്കിൽ നിയമം നിഷേധിച്ചുകൊണ്ടുള്ള പ്രവർത്തനം ആ ഫാക്ടറിയിൽ നടക്കില്ലെന്ന് ഉറച്ചു തീരുമാനിച്ചാൽ അതവിടെ നടക്കില്ല. പക്ഷേ ഇതെല്ലാം സർക്കാർ തന്നെയാണ് നടപ്പാക്കേണ്ടതെന്നു പറഞ്ഞാൽ, സർക്കാരിന്റെ ചുമതലയിൽ നിന്നും ഒഴിയാൻ ശ്രമിക്കുന്നില്ല. അവിടുത്തെ പൊതു സ്ഥിതിയെല്ലാം നല്ലതുപോലെ ഈ യൂണിയൻ നേതാക്കൾക്കും ട്രേഡ് യൂണിയനുകൾക്കുമെല്ലാം അറിയാവുന്നതാണ്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള പരമാവധി നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. എത്രയുംപെട്ടെന്ന് അത് പുതുക്കി നിശ്ചയിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കും.

ശ്രീ. പി. എസ്. സുപാൽ : ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന മറുപടിയാണ് പറഞ്ഞത്. ഒരു കാര്യം ഉന്നയിക്കുമ്പോൾ അതിനു മറുപടി പറയേണ്ട മന്ത്രി ട്രേഡ് യൂണിയനേയും അതിന്റെ പ്രവർത്തനങ്ങളേയും ആക്ഷേപിക്കുന്ന തരത്തിൽ സംസാരിക്കുന്നത് ശരിയല്ല. ഇത് ശ്രീ. ബാബു ദിവാകരനെപ്പോലുള്ള ഒരു മന്ത്രിക്ക് ചേർന്ന നടപടിയല്ല. ഈ മേഖലയിൽ വ്യാപകമായ നിയമനിഷേധം നടക്കുന്നു. അത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

അടിയന്തിരമായി ഗവൺമെന്റ് സ്വീകരിക്കുന്നത്? അതുപോലെതന്നെ 107 കോടി രൂപ 5 തവണകളായി കൊടുക്കുമെന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത്. അതിനെ സംബന്ധിച്ച് കാഷ്യൂ കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ട് മരവിപ്പിച്ചതായിട്ടുപോലും പത്രവാർത്തകൾ കാണുകയുണ്ടായി. അതിന്റെ നിജസ്ഥിതി എന്താണ്? ഈ 107 കോടി രൂപ 5 തവണകളായി എന്നത്തേയ്ക്ക് കൊടുക്കുമെന്നുള്ളതിന് വ്യക്തമായ മറുപടി പറയണമെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവും ഏക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : ഈ ആഴ്ചതന്നെ കൊടുക്കാം. സാമ്പത്തിക ബുദ്ധിമുട്ടുകൾ വളരെയധികമുണ്ടെങ്കിലും കശുവണ്ടി തൊഴിലാളികളുടെ കാര്യമായതുകൊണ്ട് ഈ ആഴ്ചതന്നെ സെക്കൻഡ് ഇൻസ്റ്റാൾമെന്റായി 33 കോടി രൂപ കൊടുക്കാം.

(2) കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഐ. ഐ. ടി. ആയി ഉയർത്താനുള്ള കേന്ദ്ര വിദഗ്ദ്ധ സമിതിയുടെ ശുപാർശയനുസരിച്ച് സർവ്വകലാശാലയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മുഹമ്മദാലി : സംസ്ഥാനത്തിന്റെ ദീർഘകാലത്തെ ഒരാവശ്യമായിരുന്നു ഒരു ഐ. ഐ. ടി. അനുവദിക്കുക എന്നുള്ളത്. ഇപ്പോൾ അതിനനുകൂലമായ എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി ഇന്ത്യയിലെ 200 സ്ഥാപനങ്ങളിൽ നിന്നും 7 സ്ഥാപനങ്ങളെ ഇന്ന് ഐ. ഐ. ടി. ആയി അപ്ഗ്രേഡ് ചെയ്ത്. ഐഡന്റിഫൈ ചെയ്തിരിക്കുകയാണ്. അതിൽ നമ്മുടെ സംസ്ഥാനത്തെ കൊച്ചിൻ യൂണിവേഴ്സിറ്റി ഉൾപ്പെടുന്നു എന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്. ഈ 7 സ്ഥാപനങ്ങൾ ഐ. ഐ. ടി. ആക്കി ഉയർത്തുന്നതിനാവശ്യമായ യോഗ്യതയുണ്ടാക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്. കഴിഞ്ഞ മേയ് മൂന്നാം തീയതി കൂടിയ കേന്ദ്രഗവൺമെന്റിന്റെ മി. ബാനർജി ചെയർമാനായിട്ടുള്ള കമ്മിറ്റി ബന്ധപ്പെട്ട 7 സ്ഥാപനങ്ങളിലെ അധികൃതരുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണമെന്ന് നിർദ്ദേശം നൽകുകയുണ്ടായി. ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ശരിയായ താല്പര്യങ്ങളുണ്ടായെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. കൊച്ചിൻ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശിച്ചതനുസരിച്ച് 500 ഏക്കർ സ്ഥലമെങ്കിലും ലഭ്യമാകണം. ഇപ്പോൾ 200 ഏക്കറിലേറെ സ്ഥലം മാത്രമേ അവിടെയുള്ളൂ. അപ്പോൾ ഇത്ര കാലമായി നാം കാത്തിരുന്ന ഐ. ഐ. ടി. നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly